"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കാർഷിക വിപണന കേന്ദ്രത്തിന്റെ കെട്ടിടത്തിന്റെ മുകളിലത്തെ നില വെജിറ്റബൾ & ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിൽ, കേരള എന്ന സ്ഥാപനത്തിന് വാടകയ്ക്ക് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്

സ.ഉ.(സാധാ) നം.541/2024/LSGD തീയതി,തിരുവനന്തപുരം, 05-03-2024

പരാമർശം:- തിരുവമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21/10/2022 തീയതിയിലെ പി/5974/2022 നമ്പർ കത്ത്.

ഉത്തരവ്

തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കാർഷിക വിപണന കേന്ദ്രത്തിന്റെ കെട്ടിടത്തിന്റെ 30,436/- രൂപ (മുപ്പതിനായിരത്തി നാനൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) വാടകമൂല്യമുള്ള മുകളിലത്തെ നില വെജിറ്റബൾ & ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിൽ, കേരള എന്ന സ്ഥാപനത്തിന് 3000/-(മൂവായിരം)രൂപയ്ക്ക് വാടകയ്ക്ക് നൽകുന്നതിന് അനുമതി നൽകുന്നതിന് പരാമർശം പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കർഷകരുടെ ഉന്നമനത്തിനായുള്ള സ്ഥാപനമായതിനാൽ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കാർഷിക വിപണന കേന്ദ്രത്തിന്റെ കെട്ടിടത്തിന്റെ മുകളിലത്തെ നില വെജിറ്റബൾ & ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിൽ, കേരള എന്ന സ്ഥാപനത്തിന് പ്രതിമാസം 3000/- രൂപ വാടക നിരക്കിൽ 18 മാസത്തേക്ക് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAJI T R
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.ലിന്റോ ജോസഫ് എം.എൽ.എ, തിരുവമ്പാടി നിയോജക മണ്ഡലം, കോഴിക്കോട്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, തിരുവമ്പാടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി
കരുതൽ ഫയൽ (DB3/432/2022-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Reenamma P A
Date: 05-03-2024 17:01:13

സ.ഉ.(സാധാ) നം.541/2024/LSGD

സെക്ഷൻ ഓഫീസർ